**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2182** **12-12-2022 - ൽ മറുപടിയ്ക്ക്**

**കെ.എ.എസ്. വിജ്ഞാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആദ്യ വിജ്ഞാപനം വന്ന് മൂന്ന് വർഷം പിന്നിട്ടിട്ടും കെ.എ.എസ്. അടുത്ത വിജ്ഞാപനം പുറത്തിറക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (എ) | കെ.എ.എസ്.ന്റെ എൻട്രി കേഡർ തസ്തികയുടെ കേഡർ സ്ട്രെംഗ്ത് 105 ആയി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിലേക്ക് പി.എസ്.സി നിയമനശിപാർശ നൽകിയതിന്റെ അടിസ്ഥാനത്തിൽ കെ.എ.എസ് ആദ്യ ബാച്ചിൻറെ പരിശീലനം നടന്നുവരികയാണ്. ഇവർക്ക് ഒരേ കാലയളവിലാണ് പരിശീലനം നൽകിവരുന്നത്. പുതിയ ബാച്ചിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ഒഴിവുകൾ നിലവിലില്ല. |
| (ബി) | നിലവിൽ കെ.എ.എസിന് പുതുതായി തസ്തിക കണ്ടെത്തി ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | കെ.എ.എസിന് കൂടുതൽ തസ്തികകൾ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ; | (സി) | പരിഗണനയിലില്ല. |
| (ഡി) | കെ.എ.എസ്.ന്റെ ആദ്യ ബാച്ചിലെ മുഴുവൻ പേർക്കും നിയമനം നൽകാൻ പറ്റാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ; | (ഡി) | പി.എസ്.സി നിയമന ശിപാർശ നൽകിയവർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ഇ) | വിവിധ വകുപ്പുകളിൽ പ്രമോഷന് വേണ്ടി കെ.എ.എസിനായി നീക്കി വെച്ച തസ്തികകൾ വെട്ടിച്ചുരുക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ